# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3438 09.04.2013 ൽ മറുപടിക്ക്

### ഹൈപ്പർമാർക്കറ്റുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. പി. മുഹമ്മദ്<br>ശ്രീ. പാലോട് രവി<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. വർക്കല കഹാർ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ്മന്ത്രി ) |
| (എ) സപ്ലൈകോ സംസ്ഥാനത്ത് ഹൈപ്പർ മാർക്കറ്റുകളും ആധുനിക ഷോപ്പിംഗ് സൗകര്യത്തോടുകൂടിയ വിതരണ കേന്ദ്രങ്ങളും തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഉണ്ട്. പ്രധാനപ്പെട്ട പട്ടണങ്ങളിൽ 25 ലക്ഷത്തിലധികം വിറ്റ് വരവും 2500 ച.അടിയിലധികം വിസ്തീർണ്ണവും, മതിയായ വാഹന പാർക്കിംഗ് സൗകര്യവുമുള്ള സൂപ്പർ മാർക്കറ്റുകളെ പീപ്പിൾസ് ബസാറുകളാക്കി മാറ്റുന്ന കാര്യം പരിഗണനയിൽ ഉണ്ട്. കൂടാതെ കൊല്ലം, കരുനാഗപ്പള്ളി, തിരുവല്ല, പിറവം, കൂത്താട്ടുകുളം എന്നിവിടങ്ങളിൽ ഹൈപ്പർ മാർക്കറ്റ്, ഗോഡൗൺ കോംപ്ലക്സ് എന്നിവ പണിയാനുള്ള നടപടികൾ നടന്നു വരുന്നു. |
| (ബി) പ്രസ്തുത സംവിധാനങ്ങളുടെ സവിശേഷതകൾ വിശദമാക്കുമോ; | (ബി) **ഹൈപ്പർമാർക്കറ്റ്**<br>സംസ്ഥാനത്തെ വൻകിട കുത്തക കമ്പനികൾ നടത്തുന്ന വിൽപ്പനശാലകളോട് കിടപിടിക്കുന്ന രീതിയിൽ അവ നൽകുന്ന സേവനങ്ങൾ സാധാരണ ജനങ്ങൾക്ക് മികച്ച രീതിയിൽ ലഭിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ളതാണ് ഹൈപ്പർ മാർക്കറ്റുകൾ. ഒന്നാം കിട കമ്പനികൾ ഉൾപ്പെടെ വിവിധ കമ്പനികളുടെ മികച്ച ഉൽപ്പന്നങ്ങൾ ഉപഭോക്താക്കൾക്ക് തിരഞ്ഞെടുക്കുന്നതിനുള്ള സൗകര്യത്തോടെ സബ്സിഡിയോടു കൂടിയ നിത്യോപയോഗ സാധനങ്ങളും പച്ചക്കറികളും ഉപഭോക്താക്കൾക്ക് ലഭ്യമാണ്. ഹൈപ്പർ മാർക്കറ്റുകൾ പൂർണ്ണമായും ശീതീകരിച്ചവയാണ്.<br>**പീപ്പിൾസ് ബസാർ**<br>വിശാലമായ സൗകര്യത്തോടുകൂടിയ ആധുനിക രീതിയിൽ ഫർണിഷിംഗ് ചെയ്ത കെട്ടിടത്തിൽ ഒരു കുടുംബത്തിന് |

| | | | |
|---|---|---|---|
| | | | ആവശ്യമായ എല്ലാ സൗകര്യങ്ങളും ഒരു കുടക്കീഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ വിവിധ കമ്പനികളുടെയും മിൽമ, കയർ ബോർഡ് തുടങ്ങിയ സർക്കാർ സ്ഥാപനങ്ങളുടെയും മികച്ച ഉൽപ്പന്നങ്ങൾ ഉപഭോക്താക്കൾക്ക് തിരഞ്ഞെടുക്കുവാനുള്ള സൗകര്യം ഒരുക്കിയിരിക്കുന്നു. കൂടാതെ സബ്സിഡി നിരക്കിലുള്ള നിത്യോപയോഗ സാധനങ്ങളും ലഭ്യമാണ്. |
| (സി) | കുറഞ്ഞ നിരക്കിൽ സാധനങ്ങൾ ഇതുവഴി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ; | (സി) | സബ്സിഡി നിരക്കിലുള്ള നിത്യോപയോഗ സാധനങ്ങൾ റേഷൻ കാർഡ് മുഖേന ഇത്തരം വിൽപ്പന കേന്ദ്രങ്ങൾ വഴി വിതരണം നടത്തി വരുന്നുണ്ട്. കൂടാതെ, മറ്റെല്ലാ ഉല്പന്നങ്ങളും മിതമായ വിലയ്ക്കാണ് വിതരണം ചെയ്യുന്നത്. |
| (ഡി) | ആയതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട്? | (ഡി) | പീപ്പിൾസ് ബസാർ ആക്കുന്നതിനായി മികച്ച വിറ്റുവരവുള്ള സൂപ്പർ മാർക്കറ്റുകളെ വിൽപ്പനയുടെ അടിസ്ഥാനത്തിൽ അവലോകനം നടത്തി പട്ടികയിൽ പെടുത്തിയിട്ടുണ്ട്. മതിയായ സ്ഥല സൗകര്യങ്ങളും മറ്റ് സൗകര്യങ്ങളും കണക്കിലെടുത്ത് ഓരോന്നായി പീപ്പിൾസ് ബസാറുകളായി ഉയർത്തുന്നതാണ്. |

Beena

സെക്ഷൻ ഓഫീസർ